പ്രമുഖനത്രെ അതിർത്തിഗാന്ധി. അദ്ദേഹത്തെപ്പററി ഓർക്കുമ്പോൾ, നമ്മുടെ പൈതൃകത്തിൻെറ ഏററവും വിലപ്പെട്ട ഒരു ഭാഗവുമായി ബന്ധപ്പെടുകയത്രേ നാം ചെയ്യുന്നതു്. ആ സ്മരണ നമ്മെ ധന്യരാക്കുന്നു.

(4 സെപ്റ്റംബർ, 1983)

# 110. സിനിക്

മലയാളത്തിൽ സിനിമാനിരൂപണത്തിൻെറ വിശിഷ്ടമായ ഒരു പാരമ്പര്യം സൃഷ്ടിച്ച പുതിയേടത്തു് എം. വാസുദേവൻനായർ (സിനിക്) ഡിസംബർ 21—ാം തീയതി രാവിലെ കോഴിക്കോട്ടുവെച്ച് ഹൃദ്രോഗം മൂലം നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിനു് അറുപത്തിമൂന്നു വയസ്സായിരുന്നു.

1950—ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൻെറ ചുമതല ഏറെറടുത്ത കാലത്താണു് ഞാൻ ശ്രീ വാസുദേവൻനായരുമായി പരിചയപ്പെട്ടതു്. ഈ പരിചയം ഗാഢമായ ഒരു ആജീവനാന്തസൗഹാർദമായി മാറുവാൻ താമസമുണ്ടായില്ല.

സമകാല കേരളസംസ്കാരത്തിൻെറ ഏററവും നല്ല വശങ്ങളുടെ ദർപ്പണമായി മാതൃഭൂമി ആഴ്ചപ്പതിപ്പിനെ വളർത്തുകയെന്നതായിരുന്നു എൻെറ ലക്ഷ്യം. മലയാളസിനിമ ഒരു പുതിയ വഴിത്തിരിവിലേക്കു പ്രവേശിക്കുന്ന കാലമായിരുന്നു അതു്. 'ജീവിതനൗക' എന്ന പടത്തിൻെറ അത്ഭുതപൂർവമായ വിജയം, സാധാരണക്കാരുടെ വൈകാരികവും സൗന്ദര്യാനുഭൂതിപരവുമായ ജീവിതത്തിൽ സിനിമയ്ക്കു കൈവരാവുന്ന സ്ഥാനം എത്ര ഉയർന്നതാണെന്നു വ്യക്തമാക്കിയിരുന്നു. എങ്കിലും, കലാപരമോ, സാംസ്കാരികമോ ആയ ഉദ്ബുദ്ധതയോ പ്രതിബദ്ധതയോ സിനിമാനിർമാതാക്കളിൽ മിക്കവർക്കും അന്നു് ഉണ്ടായിരുന്നില്ല. തരംതാഴ്ന്ന കച്ചവടക്കണ്ണായിരുന്നു പലരെയും മലയാളപടമെടുക്കുന്നതിനായി മുതലിറക്കാൻ പ്രേരിപ്പിച്ചിരുന്നതു്.

ഇരുപതാം നൂററാണ്ടിൻെറ യാന്ത്രികസംസ്കാരത്തിൻെറ കലാരൂപമാണല്ലോ സിനിമ. പല വ്യത്യസ്ത ഘടകങ്ങളുടെയും സമഞ്ജസമായ സമ്മേളനത്തിൽനിന്നു മാത്രമേ ഒരു നല്ല പടം രൂപംകൊള്ളുകയുള്ളു. ഈ വ്യത്യസ്ത ഘടകങ്ങളെപ്പററി ആധികാരികമായ പരിജ്ഞാനത്തോടെ, മലയാളത്തിലിറങ്ങുന്ന ഓരോ പടവും സൂക്ഷ്മതയോടെ നിരീക്ഷിച്ച്, കണിശമായും നിഷ്പക്ഷമായും വിലയിരുത്തുന്ന സിനിമാനിരൂപണം ആ കാലഘട്ടത്തിൻെറ വലിയ ഒരാവശ്യമായിരുന്നു. ലോകസിനിമയുമായി നാം അന്നു പരിചയപ്പെടാൻ തുടങ്ങിയിട്ടേയുള്ളു. മലയാളസിനിമ കഴിഞ്ഞാൽ, തമിഴിലെ സംഗീതപ്രധാനങ്ങളായ ചിത്രങ്ങളാണു് കേരളത്തിൽ കൂടുതലും 'ഓടി'യിരുന്നതു്. അപൂർവം ചില നഗരങ്ങളിൽ വല്ലപ്പോഴും ചില ഹോളിവുഡ് ചിത്രങ്ങളും കാണാൻ കഴിഞ്ഞിരുന്നു. പൂനാ ഫിലിം ഇൻസ്റ്റിററ്യൂട്ട് അന്നു് ആരംഭിച്ചിട്ടില്ല. സിനിമ സംബന്ധിച്ച ഗ്രന്ഥങ്ങൾ അപൂർവമായിരുന്നു. നല്ല സിനിമാവാരികകളും കുറവായിരുന്നു; ഉള്ളവയ്ക്കു പ്രചാരം കഷ്ടിയും.

'സിനിമാനിരൂപണം' എന്ന പേരിൽ മലയാളത്തിലും മററു് ഇന്ത്യൻഭാഷകളിലും അന്നു പ്രചരിച്ചിരുന്നതു് ഏറെയും സിനിമാലോകത്തിലെ അപവാദകഥകളും സ്റ്റുഡിയോവാർത്തകളും താരസ്തോത്രങ്ങളു

മായിരുന്നു. നല്ല സിനിമ ധാരാളം കണ്ടും, ലോകസിനിമാ നിരൂപണ സാഹിത്യവുമായി ഗാഢസമ്പർക്കം പുലർത്തിയും, സിനിമയെന്ന കലയെപ്പററി വ്യക്തവും സമഗ്രവുമായ ജ്ഞാനം സമ്പാദിച്ച നിരൂപകർ അന്ന് ഏറെയുണ്ടായിരുന്നില്ല. ഈ വിഷയത്തിൽ കുറെച്ചെങ്കിലും അറിവു നേടിയവർക്കുതന്നെ മലയാളത്തിൽ അന്നന്നിറങ്ങുന്ന നല്ലതും ചീത്തയുമായ എല്ലാ പടങ്ങളും മനസ്സിരുത്തിക്കണ്ടു വിലയിരുത്തുന്നതിനുള്ള ക്ഷമയുണ്ടാവാൻ പ്രയാസമായിരുന്നു. നിഷ്പക്ഷതയോടെ നിശിതമായി നിരൂപണംചെയ്തു നിർമാതാക്കളുടെയും വിതരണക്കാരുടെയും നടീനടന്മാരുടെയും അവരുടെ ആരാധകരുടെയും വിരോധം സമ്പാദിക്കാനും മിക്കവരും തയ്യാറല്ലായിരുന്നു.

ഈ രംഗത്തിൽ സിനിക്കിന്റെ സേവനം വിലപ്പെട്ടതായിരിക്കുമെന്ന് എനിക്കു ചൂണ്ടിക്കാണിച്ചുതന്നതു് സി. ജെ. തോമസ്സായിരുന്നു. തൃശ്ശൂരിൽനിന്ന് കോഴിക്കോട്ടു വന്ന് സിനിക്കുമായി പരിചയപ്പെട്ടപ്പോൾ, സി. ജെ. പറഞ്ഞതു് എത്രയും പരമാർത്ഥമാണെന്ന് എനിക്കു ബോദ്ധ്യമായി: 'ജീവിതനൗക'യ്ക്കുശേഷം രണ്ടു പതിററാണ്ടുകളോളം മലയാളത്തിൽ ഇറങ്ങിയ എല്ലാ പടങ്ങളുടെയും നിരൂപണം 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ സിനിക് നിരന്തരം എഴുതിപ്പോന്നിട്ടുണ്ട്. മലയാള സിനിമയുടെ നിലവാരം ഉയർത്തുന്നതിൽ സിനിക്കിന്റെ നിരൂപണം നിർണായകമായ പങ്കു വഹിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം.

സിനിക്, ആദ്യകാലത്തിൽ പ്രത്യേകിച്ചും, ഒരു വ്യക്തിയെന്നതിലേറെ ഒരു സ്ഥാപനമായിരുന്നു. വാസുദേവൻനായരുടെ അഭിന്നമിത്രമായ ശ്രീ ടി. എം. പുരുഷോത്തമൻ നെടുങ്ങാടി അന്ന് കോഴിക്കോട്ട് ക്രിസ്ത്യൻകോളേജിൽ ഇംഗ്ലീഷ് ലക്ചറർ ആയിരുന്നു. 'നാദിർഷാ' എന്ന പേരിൽ നിശിതങ്ങളായ സിനിമാനിരൂപണങ്ങൾ എഴുതാറുള്ള പുരുഷോത്തമൻ ഇരുത്തംവന്ന കലാചിന്തകനായിരുന്നു. സിനിമ സംബന്ധിച്ച സാഹിത്യം ശേഖരിച്ചു പഠിക്കുന്നതിൽ അദ്ദേഹത്തിനു സവിശേഷതാല്പര്യം ഉണ്ടായിരുന്നു; നല്ല സിനിമ കാണാൻ എത്ര ദൂരം പോകാനും അദ്ദേഹം സന്നദ്ധനായിരുന്നു. 'മഹീന്ദ്ര ആൻഡ് മഹീന്ദ്ര'യിൽ ഉദ്യോഗം സ്വീകരിച്ച് ബോംബെയിലേക്കു താമസം മാററിയതോടെ പുരുഷോത്തമന്റെ പ്രതിഭയും പ്രയത്നശക്തിയും കേരളത്തിനു നഷ്ടപ്പെട്ടുപോയി. ശ്രീ കോഴിക്കോട്ട് അപ്പുക്കുട്ടൻനായർ ('കോഴിക്കോടൻ') ആയിരുന്നു ഈ സുഹൃദ്സംഘത്തിലെ മറെറാരു അംഗം. ഇവരുടെയെല്ലാം പരമാചാര്യനായിരുന്നതു് സഹൃദയാഗ്രണിയും, പ്രശസ്തനായ ഇംഗ്ലീഷ് പ്രൊഫസറും ആയിരുന്ന എം. പി. ശിവദാസമേനോനായിരുന്നു.

ഇംഗ്ലീഷ് സാഹിത്യവുമായുള്ള ഗാഢസമ്പർക്കത്തിൻ ഫലമായിട്ടാവാം, പ്രൊഫസർ ശിവദാസമേനോൻ ബ്രിട്ടീഷ് ഭരണത്തിന്റെ നല്ല വശങ്ങളെ അനുകൂലിച്ചുവന്നു. ദേശീയ വിമോചനപ്രസ്ഥാനത്തിൽ അന്നേ കടന്നു കയറിയിരുന്ന അനാശാസ്യതകളെ അദ്ദേഹം എതിർക്കുകയുംചെയ്തു. കോളേജിൽ വിദ്യാർത്ഥികൾ 'ബഹിഷ്കരണ' പരിപാടികൾ സംഘടിപ്പിക്കുന്നതു് അദ്ദേഹത്തിന് അസഹ്യമായിരുന്നു. ഈ നിലപാട്, ക്രമേണ, മദ്രാസ് നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിക്കെതിരായി മത്സരിക്കുന്നതിലേക്ക് അദ്ദേഹത്തെ നയിച്ചു. സ്വാഭാവികമായും അദ്ദേഹം തെരഞ്ഞെടുപ്പിൽ അമ്പേ തോല്ക്കുകയുംചെയ്തു. അന്നത്തെ പൊതുജീവിതത്തിന്റെ പ്രമുഖധാരയായിരുന്ന ദേശീയതവുമായി പൊരുത്തപ്പെടാൻ സാധിക്കാത്തതുമൂലം, കോഴിക്കോട്ടെ സമൂഹത്തിൽനിന്നു മിക്കവാറും ഒററപ്പെട്ടായിരുന്നു ശിവദാസമേനോന്റെ സ്ഥിതി. തന്റെ വീട്ടിൽ ഇന്ന് അടുപ്പമുള്ള

ഏതാനും സുഹൃത്തുക്കളുമായി വെടി പറയുകയായിരുന്നു, ഞാൻ കാണുന്ന കാലത്ത്, അദ്ദേഹത്തിന്റെ മുഖ്യ വിനോദം. ഈ സുഹൃത്തുക്കളിൽ പ്രമുഖരായിരുന്നു സിനിക്കും നാദിർഷായും കോഴിക്കോടനും. ഈ സംഘത്തിലേക്ക് എനിക്കും പ്രവേശനം കിട്ടി. ശിവദാസമേനോന്റെ വിശാലമായ സാഹിത്യപരിചയവും അനുപമമായ നർമബോധവും എഴുത്തിലൂടെ ആവിഷ്കരിക്കാൻ ഞാൻ അദ്ദേഹത്തെ അതിർകടന്നും നിർബന്ധിച്ചിട്ടുണ്ട്. ഈ നിർബന്ധത്തിന്റെകൂടി ഫലമാണ് മലയാളസാഹിത്യത്തിൽ ഇന്നും ഒരു അനന്വയമായി നിലനില്ക്കുന്ന 'മലബാറിലെ ശിക്കാറ്'. ലോകത്തിൽ ഏതു ഭാഷയിലെയും നായാട്ടുസാഹിത്യത്തിൽ നിസ്സംശയം പ്രവേശിക്കാനും, അവിടെ മുൻപന്തിയിൽത്തന്നെ ഇരിക്കാനും, ഈ കൃതിക്ക് അർഹതയുണ്ട്. ശിവദാസമേനോൻ പറയുന്നതു കേട്ട് ശ്രീ കോഴിക്കോട്ട് അപ്പുക്കുട്ടൻനായരാണ്, സ്വന്തം കൈപ്പടയിൽ, ഈ കൃതിയും, ശിവദാസമേനോന്റെ മററു പല കൃതികളും എഴുതി തയ്യാറാക്കിയിട്ടുള്ളതു്.

പറഞ്ഞുവന്നതു് ഇതാണ്: സിനിക്കിന്റെ ആദ്യകാല സിനിമാനിരൂപണങ്ങൾക്ക് ഉൾക്കരുത്തു നൽകിയിരുന്നതു് ഒരുകൂട്ടം ധിഷണാശാലികളുടെ പക്വത നേടിയ സംയുക്തചിന്തനമായിരുന്നു.

അക്കാലത്തു് ഇംഗ്ലണ്ടിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'ജോൺ ഒ' ലണ്ടൻ' എന്ന വാരിക ഇന്ത്യയിലെ ബുദ്ധിജീവികളുടെ മാനസികാഹാരമായിരുന്നു. ഈ വാരികയിൽ ഓരോ ലക്കത്തിലും സംക്ഷിപ്തമായ ഓരോ സിനിമാനിരൂപണം ഉണ്ടാവും. 'കലയെന്ന നിലയിൽ സിനിമയെ വിലയിരുത്തേണ്ടതെങ്ങനെ എന്നു്' 'ജോൺ ഒ' ലണ്ടനി'ലെ ഈ നിരൂപണങ്ങൾ മൂർത്തമായി ഉദാഹരിച്ചുകാണിച്ചിരുന്നു. ഞാൻ അന്നു് ഈ വാരിക മുടങ്ങാതെ വായിച്ചിരുന്നു. അതിലെ സിനിമാനിരൂപണങ്ങൾ വെട്ടിയെടുത്തു് ഞാൻ 'സിനിക്കി'നു് എത്തിച്ചുകൊടുക്കുമായിരുന്നു. അദ്ദേഹത്തിനു് അവ വളരെയധികം ഉപയോഗപ്പെടുകയുംചെയ്തു.

മലയാളസിനിമയെ മലയാളസാഹിത്യവുമായി അടുപ്പിക്കുവാനുള്ള ശ്രമമായിരുന്നു സിനിക്കിന്റെ പല ആദ്യകാല സിനിമാവിമർശനങ്ങളിലും മുന്തിനിന്നതു്. 'കഥയാണു കാര്യം' എന്നു നിർമാതാക്കളെ സിനിക് ആവർത്തിച്ചു് ഉദ്ബോധിപ്പിച്ചു. കഥയോടൊപ്പം, സംഭാഷണത്തിന്റെയും ഗാനങ്ങളുടെയും സാഹിത്യപരമായ മേന്മയിൽ അദ്ദേഹം വിരൽ ഊന്നി. കർണാടകസംഗീതത്തിന്റെ ആരാധകനായിരുന്നു സിനിക്. മരിക്കുമ്പോൾ അദ്ദേഹം കോഴിക്കോട്ടെ 'സദ്ഗുരു സംഗീതസഭ'യെന്ന കർണാടക സംഗീതസമാജത്തിന്റെ അദ്ധ്യക്ഷനായിരുന്നു. അതിനാൽ സിനിമാഗീതങ്ങളുടെ സംഗീതാംശത്തിലും അദ്ദേഹം ശ്രദ്ധിച്ചു. എല്ലാററിനും പുറമേ, സിനിമ ഒരു ദൃശ്യകലയാണെന്നും, അതിലെ ഓരോ ചിത്രവും (ഫ്രേയ്മും) കേന്ദ്രാശയത്തിലേക്കു് ഏതെങ്കിലും വിധത്തിൽ ഉൾക്കാഴ്ച നൽകണമെന്നും അദ്ദേഹം നിഷ്കർഷിച്ചു. നിരൂപണമെഴുതുന്നതിനായി സിനിക് ഇടവിടാതെ സിനിമ കണ്ടു. സിനിമയെപ്പററി കിട്ടാവുന്ന പുസ്തകങ്ങളെല്ലാം വായിച്ചു. വളരെ ശ്രദ്ധിച്ചു് എഴുതി; എഴുതിയതു വീണ്ടും വീണ്ടും തിരുത്തി. അങ്ങനെ അദ്ദേഹത്തിന്റെ നിരൂപണങ്ങൾ, മലയാളസിനിമയുടെ വികസനത്തിന്റെ ഒരു സമഗ്രചരിത്രമല്ലെങ്കിൽ, അത്തരമൊരു ചരിത്രം രചിക്കുന്നതിനുള്ള ആധാരരേഖയായിത്തീർന്നു. ഇവ പിന്നീടു് രണ്ടു വാല്യങ്ങളായി സമാഹരിച്ചിട്ടുണ്ടു്.

നല്ല പടങ്ങളെന്നപോലെ, ചീത്ത പടങ്ങളും അദ്ദേഹം കാണുകയും നിരൂപണംചെയ്യുകയും വേണമെന്നു ഞാൻ നിർബന്ധിച്ചിരുന്നു. തനിക്കു നൽകാവുന്ന ഏററവും കടുത്ത ശിക്ഷയാണിതെന്നു പ്രതിഷേധി

ച്ചുകൊണ്ടുതന്നെ അദ്ദേഹം അറുബോറൻ പടങ്ങളും ക്ഷമയോടെ കണ്ടു; അവയെപ്പററിയും എഴുതി. പുകഴ്ത്തേണ്ടതിനെ അദ്ദേഹം കലവറയില്ലാതെ പുകഴ്ത്തി; ഇകഴ്ത്തേണ്ടതിനെ കരുണ കൂടാതെ ഇകഴ്ത്തി. അദ്ദേഹത്തിൻെറ വിമർശനത്തിൽ അമർഷംകൊണ്ടു വിതരണക്കാർ പലപ്പോഴും നിരൂപണത്തിൽ അച്ചടിച്ചുചേർക്കാൻ പടങ്ങൾ (സ്റ്റില്ലുകൾ) തരാതിരുന്നു. നിരൂപണം തികച്ചും പക്ഷപാതരഹിതമായിരിക്കാൻ വേണ്ടി, സൗജന്യമായി തീയേററുടമകൾ നൽകിയിരുന്ന പാസ്സ് അദ്ദേഹമോ, പത്രത്തിൻെറ ചുമതല വഹിക്കുന്ന ഞാനോ, ഒരിക്കലും ഉപയോഗിക്കുകയുണ്ടായിട്ടില്ല. 1950 മുതൽ, 1968–ൽ ഞാൻ മാതൃഭൂമി വിടും വരെ, സിനിക്കിൻെറ ഈ സേവനം മാതൃഭൂമി ആഴ്ചപ്പതിപ്പിനും മലയാള സിനിമയ്ക്കും നിരന്തരം ലഭിച്ചുവന്നു.

രാഗദ്വേഷരഹിതമായ ഈ കലാസപര്യ ഒരിക്കൽ സിനിക്കിനു വളരെയധികം മനശ്ശല്യം ഉളവാക്കുന്നതിനു കാരണമായി തൻെറ ഒരു പടത്തെ (പേരു് ഇപ്പോൾ ഓർമിക്കുന്നില്ല) പ്രതികൂലമായി വിമർശിക്കുന്ന ലേഖനം പ്രസിദ്ധീകരിച്ചതിൻെറ പേരിൽ ഉദയാ സ്റ്റുഡിയോ ഉടമയായ കുഞ്ചാക്കോ മാതൃഭൂമി പത്രാധിപരായ കെ. പി. കേശവമേനോൻ, പ്രിൻററും പബ്ലിഷറുമായ കുറൂർ നീലകണ്ഠൻനമ്പൂതിരിപ്പാടു്, വിമർശകനായ 'സിനിക്' എന്ന എം. വാസുദേവൻനായർ എന്നിവരുടെ പേരിൽ ചെങ്ങന്നൂർ കോടതിയിൽ ഒരു ക്രിമിനൽ കേസ്സ് ഫയൽ ചെയ്തു. വാസുദേവൻനായർ ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറിൽ ഒരു ഉദ്യോഗസ്ഥനായിരുന്നു; പിന്നീടു് ആ വകപ്പിൽ സീനിയർ സൂപ്രണ്ടായി ഉയരുകയുംചെയ്തു. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ നടപടിച്ചട്ടം അനുസരിച്ച സർക്കാരിൽനിന്നു വാങ്ങേണ്ട അനുവാദത്തിനു് അപേക്ഷിക്കാതെയാണു് അദ്ദേഹം നിരൂപണങ്ങൾ എഴുതിയിരുന്നതു്. കോടതിയിൽനിന്നു് എന്തെങ്കിലും ശിക്ഷ കിട്ടുന്നപക്ഷം അദ്ദേഹത്തിനു് ഉദ്യോഗം നഷ്ടപ്പെടുമെന്ന കാര്യം ഏതാണ്ടു തീർച്ചയായിരുന്നു.

വാസുദേവൻനായരോടു ഞാൻ പറഞ്ഞു: 'സിനിക് എന്നതു് ഒരു തൂലികാനാമമാണല്ലോ. ആർക്കും അതു് ഉപയോഗിക്കാം. ഞാനാണു് സിനിക്. വിവാദവിഷയമായ നിരൂപണം എഴുതിയതു ഞാനാണു്. ആ ലേഖനം ഞാൻ എൻെറ സ്വന്തം കൈപ്പടയിൽ പകർത്തി പ്രസ്സിലെ രേഖകളുടെ കൂട്ടത്തിൽ വെക്കുന്നുണ്ടു്. കേസ്സിൽ ശിക്ഷ വന്നാൽ അതു് ഞാൻ അനുഭവിക്കും. പത്രാധിപർ എന്ന നിലയിൽ, ധാർമികമായി, ആ ശിക്ഷ അനുഭവിക്കേണ്ടതു ഞാനാണുതാനും. അതിനാൽ, താങ്കളല്ല ആ ലേഖനം എഴുതിയതെന്നും, താങ്കൾക്കു് ഈ കേസ്സിൽ ബന്ധമൊന്നുമില്ലെന്നും ഉടനെ വക്കീൽ മുഖാന്തരം കുഞ്ചാക്കോവിനെ അറിയിക്കുക.'

വാസുദേവൻനായരുടെ മറുപടി ഇതായിരുന്നു: 'നന്ദി. പക്ഷേ, എൻെറ വ്യക്തിത്വത്തിൻെറ ഒരു ആവിഷ്കരണമാണു് 'സിനിക്'. സിനിക്കിനെ നിഷേധിച്ചിട്ടു പിന്നെ ഞാനെന്തിനു ജീവിച്ചിരിക്കണം? ശിക്ഷ വന്നാൽ ഞാൻ അനുഭവിക്കാം. ഉദ്യോഗം നഷ്ടപ്പെട്ടാൽ വേറെ ഏതെങ്കിലും ജോലി നോക്കി കുടുംബം പുലർത്താം.'

കേശവമേനോൻ, കുറൂർ നമ്പൂതിരിപ്പാടു് എന്നിവരോടൊപ്പം വാസുദേവൻനായരും ചെങ്ങന്നൂർ കോടതിയിൽ ഹാജരായി. പക്ഷേ, വാദി തുടർച്ചയായി ഹാജരാവാതിരുന്നതിനാൽ കേസ് തള്ളിപ്പോവുകയാണുണ്ടായതു്. ഒരു ഭീഷണിയിൽ കവിഞ്ഞു് ഒന്നും കുഞ്ചാക്കോ ഒരുപക്ഷേ, ഉദ്ദേശിച്ചിരിക്കയില്ല. കേസ് നടത്തിയാൽ താൻ ജയിക്കാൻ പോവുന്നില്ലെന്നു് അദ്ദേഹം മനസ്സിലാക്കിയുമിരിക്കാം. അതിനാൽ, സിനിക്കിനു് തല്ക്കാലത്തെ മനഃക്ലേശമല്ലാതെ മററൊരു ദോഷവും ഈ കേസ്സിൽനിന്നു് ഉളവായില്ല. ഈ പശ്ചാത്തലത്തിൽ, സിനിമാനിരൂപണ

രംഗത്തു മികച്ച സംഭാവനകൾ നൽകിയതിനുള്ള 1977–ലെ കേരള സർക്കാരിന്റെ 'കുഞ്ചാക്കോ' അവാർഡ് സിനിക്കിനു ലഭിക്കുകയുണ്ടായി എന്ന വസ്തുത രസകരമായിത്തോന്നാം. ശരിയായ 'കുഞ്ചാക്കോ' അവാർഡ്, ചെങ്ങന്നൂർ കേസ്സിന്റെ രൂപത്തിൽ, സിനിക്കിന് ഏതാണ്ട് ഇരുപതു വർഷംമുമ്പുതന്നെ ലഭിച്ചിരുന്നു.

സത്യസന്ധതയും ആത്മാർത്ഥതയുമായിരുന്നു, സിനിമാനിരൂപകനെന്ന നിലയിൽ, സിനിക്കിന്റെ ഏററവും വലിയ കൈമുതൽ. ഒരു പ്രലോഭനത്തിനും അദ്ദേഹത്തെ കീഴ്പ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. ഇതോടൊപ്പം സിനിമയുടെ വിവിധ വശങ്ങളെ സംബന്ധിച്ച ദീർഘകാലത്തെ സാധനകൊണ്ടു നേടിയ വിശാലമായ വിജ്ഞാനവും അദ്ദേഹത്തിനുണ്ടായിരുന്നു. വിമർശനാത്മകമായി, ഒരു വിശദാംശവും വിടാതെ, കണ്ണിമയ്ക്കാതെ, സിനിമ കാണുന്നതിനായി ഇത്രയധികം മണിക്കൂറുകൾ തിയേററിൽ കഴിച്ചുകൂട്ടിയ മറെറാരാളെ കാണുക പ്രയാസമാണ്. സിനിക്കിന്റെ നിഷ്പക്ഷതയെ അപവദിക്കാനുള്ള ധൈര്യം ആർക്കമുണ്ടായിരുന്നില്ല. ഒരാണ്ടിൽ കേരളസർക്കാരിന്റെ ഫിലിം അവാഡ് കമ്മററിയിൽ അദ്ദേഹത്തോടൊപ്പം ഞാനും ഒരംഗമായിരുന്നു. ആ ആണ്ടിലെ അവാഡുകളിൽ ഒന്നിനെങ്കിലും എതിരായി ഒരു മുറുമുറുപ്പും ഉണ്ടായതായി ഞാൻ ഓർക്കുന്നില്ല.

സിനിമാനിരൂപണത്തിൽ മാത്രമായി ഒതുങ്ങിനിന്നില്ല അദ്ദേഹത്തിന്റെ സേവനം. മലബാർ കേന്ദ്രകലാസമിതിയുടെ നാടകോത്സവങ്ങൾ കോഴിക്കോട്ടു നടന്നിരുന്ന കാലങ്ങളിൽ അദ്ദേഹത്തിന്റെ സഹായസഹകരണങ്ങൾ പ്രവർത്തകരായ ഞങ്ങൾക്കു നിർലോഭമായി ലഭിച്ചിരുന്നു. നാടകാഭിനയത്തിൽ അദ്ദേഹത്തിനു വലിയ താത്പര്യമായിരുന്നു. കർണാടകസംഗീതത്തിൽ വാസുദേവൻനായർക്കുണ്ടായിരുന്ന കമ്പത്തെപ്പററി പറഞ്ഞുവല്ലോ. അദ്ദേഹം ധാരാളം ചെറുകഥകളും എഴുതിയിട്ടുണ്ട്. വാസുദേവൻനായർ ഇംഗ്ളീഷിലും എഴുതാറുണ്ട്. അദ്ദേഹത്തിന്റെ സിനിമാനിരൂപണങ്ങൾ ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളായി 'ഹിന്ദു'വിൽ തുടർച്ചയായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു.

1950–കളിൽ കോഴിക്കോട്ട് ഞാൻ താമസം തുടങ്ങിയ കാലത്ത്, പുതിയറയിലുള്ള അദ്ദേഹത്തിന്റെ കുടുംബം എനിക്കൊരു രണ്ടാം കുടുംബംപോലെയായിരുന്നു. എത്രയോ സായാഹ്നങ്ങൾ ഞാനും എന്റെ ഭാര്യയും ഈ കുടുംബത്തിൽ ആഹ്ളാദത്തോടെ കഴിച്ചുകൂട്ടിയിട്ടുണ്ട്. വാസുദേവൻനായരുടെ അമ്മയും സഹോദരിമാരും അടങ്ങുന്ന കുടുംബത്തിന് ഞങ്ങൾ ഒരുവിധത്തിലും അന്യരായിരുന്നില്ല. അദ്ദേഹത്തിന്റെ അമ്മാവനായ ശേഖരൻനായർ മാതൃഭൂമിയിൽ ഉദ്യോഗസ്ഥനായിരുന്നു. അന്ന് വാസുദേവൻനായർ അവിവാഹിതനായിരുന്നു. പിന്നീട് അദ്ദേഹം വിവാഹിതനായപ്പോൾ ലീലയ്ക്കും (ശ്രീമതി വാസുദേവൻനായർക്ക്) ഞങ്ങൾ അപരിചിതരായിരുന്നില്ല. വാസുദേവൻനായരുടെ അമ്മയ്ക്കാണെങ്കിൽ, മകന്റെ സുഹൃത്തുക്കളെല്ലാം സ്വന്തം മക്കളായിരുന്നു. ഈ സൗഹാർദം, കോഴിക്കോട്ടുനിന്നു ഞാൻ താമസം മാററിയശേഷവും അഭംഗുരമായി തുടർന്നുവന്നു.

മകന്റെ ദേഹവിയോഗത്തിൽ എല്ലാം നഷ്ടപ്പെട്ട ആ അമ്മയുടെയും വാസുദേവൻനായരുടെ പത്നി ലീലയുടെയും, അവരുടെ മക്കളുടെയും, മററു കുടുംബാംഗങ്ങളുടെയും അനേകമനേകം സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

(22 ഡിസംബർ, 1982)